**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 812** **28-01-2026 - ൽ മറുപടിയ്ക്ക്**

**ദേവസ്വം വകുപ്പിന്റെ ചുമതലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ദേവസ്വം വകുപ്പിന് എന്തൊക്കെ ഉത്തരവാദിത്തങ്ങളാണുള്ളതെന്ന് വിശദമാക്കാമോ; | (എ) | 1950-ലെ ട്രാവൻകൂർ- കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ദൈനംദിന ഭരണകാര്യങ്ങളിൽ ഇടപെടുന്നതിന് ദേവസ്വം വകുപ്പിന് പരിമിതിയുണ്ട്.<br><br>മൂന്ന് അംഗങ്ങളുള്ള ദേവസ്വം ബോർഡിലെ രണ്ട് അംഗങ്ങളെ (പ്രസിഡന്റ് ഉൾപ്പെടെ) മന്ത്രിസഭയിലെ ഹിന്ദു മന്ത്രിമാർ നാമനിർദ്ദേശം ചെയ്യുകയും ദേവസ്വം വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കയും ചെയ്യുന്നു. മൂന്നാമത്തെ അംഗത്തെ (എസ്.സി/ എസ്.ടി) ഹിന്ദുക്കളായ നിയമസഭാംഗങ്ങൾ തെരഞ്ഞെടുപ്പ് പക്രിയ വഴി തിരഞ്ഞെടുക്കുകയും വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന് അർഹതപ്പെട്ട വാർഷിക സഹായം ബഡ്ജറ്റ് പ്രൊവിഷനു വിധേയമായി അനുവദിച്ചു വരുന്നു. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനുള്ള പദ്ധതിയിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന് ധന സഹായം ആവശ്യപ്പെടാവുന്നതാണ്.<br><br>ദേവസ്വം ബോർഡിന്റെ പ്രവത്തനങ്ങൾക്കുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിന് ദേവസ്വം വകുപ്പിന്റെ അനുമതി ആവശ്യമാണ്.<br><br>കൂടാതെ ശബരിമല തീർത്ഥാടന കാലത്തും കർക്കിടകവാവുമായി ബന്ധപ്പെട്ടും നവരാത്രി ഉത്സവ വേളയിലും പോലീസ്, ആരോഗ്യ വകുപ്പ്, വനം വകുപ്പ്, കെ.എസ്.ആർ.ടി.സി ഉൾപ്പെടെ വിവിധ സർക്കാർ |

| | | | |
|---|---|---|---|
| | | | വകുപ്പുകളുടെ പ്രവർത്തനം ദേവസ്വം ബോർഡുമായി ഏകോപിപ്പിക്കുന്നത് ദേവസ്വം വകുപ്പാണ്. |
| (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്രസിഡന്റിനെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്ന പ്രക്രിയ എങ്ങനെയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളെയും പ്രസിഡന്റിനെയും തിരഞ്ഞെടുക്കുന്ന വിധം 1950-ലെ ട്രാവൻകൂർ- കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്റ്റിലെ സെക്ഷൻ 4, 5, 11 എന്നിവയിൽ പ്രതിപാദിക്കുന്നു.<br><br>മൂന്ന് അംഗങ്ങളുള്ള ദേവസ്വം ബോർഡിലെ രണ്ട് അംഗങ്ങളെ (പ്രസിഡന്റ് ഉൾപ്പെടെ) മന്ത്രിസഭയിലെ ഹിന്ദു മന്ത്രിമാർ നാമനിർദ്ദേശം ചെയ്യുന്നു. മൂന്നാമത്തെ അംഗത്തെ (എസ്.സി/എസ്.ടി) നിയമസഭയിലെ ഹിന്ദു എം.എൽ.എ മാർ തിരഞ്ഞെടുപ്പ് പക്രിയ വഴി തിരഞ്ഞെടുക്കുകയും ചെയ്യുന്നു. |
| (സി) | ശബരിമലയിലടക്കം കേരളത്തിലെ ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കൾ സംരക്ഷിക്കാൻ ദേവസ്വം വകുപ്പിനുള്ള ചുമതലകൾ വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ പൊതു ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണത്തിനായി അഞ്ച് ദേവസ്വം ബോർഡുകൾ/ഭരണസമിതികളാണ് നിലവിലുള്ളത്. അവ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ് എന്നിവയുടെ ഭരണനിർവ്വഹണം 1950-ലെ തിരുവിതാംകൂർ കൊച്ചിൻ ഹിന്ദുമത സ്ഥാപന നിയമത്തിന്റെ അടിസ്ഥാനത്തിലും മലബാർ ദേവസ്വം ബോർഡിന്റെ ഭരണനിർവ്വഹണം 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന എൻഡോവ്മെന്റ്സ് നിയമത്തിന്റെ അടിസ്ഥാനത്തിലും ഗുരുവായൂർ ദേവസ്വത്തിന്റെ ഭരണനിർവ്വഹണം 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന്റെ അടിസ്ഥാനത്തിലും കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭരണനിർവ്വഹണം 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റിന്റെ അടിസ്ഥാനത്തിലുമാണ് നടന്നുവരുന്നത്.<br><br>ടി നിയമങ്ങൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണനിർവ്വഹണവും അമൂല്യ വസ്തുക്കൾ സംരക്ഷിക്കുന്നതിനുള്ള ചുമതലയും നിക്ഷിപ്തമായിരിക്കുന്നത് അതത് ദേവസ്വം ബോർഡുകൾ/ഭരണസമിതികൾക്കാണ്. മലബാർ ദേവസ്വം ബോർഡിന്, ബോർഡിന്റെ നിയന്ത്രണത്തിലുള്ള, ക്ഷേത്രങ്ങളുടെ മേൽനോട്ട ചുമതല മാത്രമാണുള്ളത്. ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണ നിർവ്വഹണവും സാമ്പത്തിക ഇടപാടുകളും |

| | | | |
|---|---|---|---|
| | | | അതത് ക്ഷേത്ര ഭരണാധാകാരികളാണ് നിർവ്വഹിക്കുന്നത് എന്നതിനാൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ അമൂല്യവസ്തുക്കൾ അതാത് ക്ഷേത്ര ഭരണാധികാരികളുടെ ഉത്തരവാദിത്തത്തിൽ അതത് ക്ഷേത്രങ്ങളിലെ സ്റ്റോങ് റൂമിലോ ക്ഷേത്രത്തിന്റെ പേരിലുള്ള ബാങ്ക് ലോക്കറിലോ ആണ് സൂക്ഷിച്ച് വരുന്നത്.<br><br>ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തിട്ടപ്പെടുത്തിയ മാതൃകയിൽ ദേവസ്വത്തിലെയും ക്ഷേത്രങ്ങളിലെയും സ്റ്റോങ്ങ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം 2018-ൽ തന്നെ 09.01.2018-ലെ റവ-ദേവ-2/20/2018-റവ കത്ത് പ്രകാരം സർക്കാർ എല്ലാ ദേവസ്വങ്ങൾക്കും നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ വിവിധ കത്തുകളിലൂടെ തുടർ നിർദേശങ്ങളും നല്കിയിട്ടുള്ളതാണ്. കൂടാതെ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ്/ ഭരണസമിതികളുടെ അദ്ധ്യക്ഷൻമാരുമായി നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള സമാനമായ വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ